(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.ക്ക് കണ്ട ക്ടർമാരുടെ നിലവിലുള്ള ഒഴിവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി എംപ്ലോ യ്മെന്റ് എക്സ്ചേഞ്ചിൽനിന്നും കെ.എസ്.ആർ.ടി.സി. കണ്ടക്ടേഴ്സിന്റെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചിൽനിന്നും എത്രപേരുടെ ലിസ്റ്റാണ് ലഭിച്ചിട്ടുള്ളത്; ഈ ലിസ്റ്റ് എന്നാണ് ലഭിച്ചത്;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്നും ആർക്കെങ്കിലും നിയമനം നൽകിയി ട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; ക്രീമിലെയർ കേസ്സിലെ വിധിയനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ പ്രാരംഭ മായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾ തടഞ്ഞുവച്ച കൂട്ടത്തിൽ ഈ ലിസ്റ്റിൽ നിന്നുള്ള നിയമനവും തടഞ്ഞുവച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ക്രീമിലെയർ കേസ്സിലെ വിധി പ്രകാരം ജോസഫ് കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് നിയമനം നടത്തുവാൻ തീരു മാനിച്ചതിന്റെ വെളിച്ചത്തിൽ ഈ ലിസ്റ്റിൽനിന്ന് നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 142 സ്ഥിരം കണ്ടക്ടർമാരുടെ ഒഴി വുകളുണ്ട്.

(ബി) ഉണ്ട്.

(സി) 5.12.99-ലും 27.1.2000-ത്തിലുമായി 2472 പേരുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബഹു. സുപ്രീം കോടതിയുടെ 13.12.99-ലെ വിധിയുടെ അടി സ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള കേരള സർക്കാരിന്റെ ഉത്തരവു (സർക്കു ലർ നം. 19535/അഡ്വൈസ്-സി3/99/പി. ആന്റ് എ.ആർ.ഡി. തീയതി 17.12.99) അനുസരിച്ചാണ് നിയമനങ്ങൾ നിറുത്തി വച്ചത്.

(എഫ്) നിയമനം നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്ത രവ് ജി.ഒ.(പി)15/2000/എസ്.സി./എസ്.ടി. ഡി.ഡി. തീയതി 16.2.2000) ലഭ്യമായി ട്ടുണ്ട്. ഉടൻതന്നെ നിയമന നടപടികൾ പുനരാരംഭിക്കുന്നതാണ്.

ആറൻമുള നിയോജകമണ്ഡലത്തിലെ ഗതാഗത പ്രശ്നം

102(1926)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ ഗതാഗത പ്രശ്നം പരി ഹരിക്കുന്നതിന് 18.1.2000-ത്തിൽ ഗതാഗത മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഉണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്ര സർവ്വീ സുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18.1.2000-ന് മുമ്പ് സർവ്വീസ് നടത്തിയിരുന്ന പല സർവ്വീസുകളും പുനഃസ്ഥാപിക്കാമെന്ന് മന്ത്രിയും, എം.ഡി.യും സമ്മതിച്ചിരുന്നോ;

(സി) എന്നാൽ അന്നത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് നടത്തിയിരുന്ന സർവ്വീസുകളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നെയ്യാറ്റിൻകര-പൊൻകുന്നം ഫാസ്റ്റ് പാസഞ്ചർ ബസ് മുമ്പ് നടത്തിയിരുന്ന ആറാട്ടുപുഴ, പുല്ലാട്-കുംപനാട് മല്ലപ്പള്ളി കവിയൂർ വഴി സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) മുമ്പ് ഓട്ടിച്ചിരുന്ന ആലപ്പുഴ-റാന്നി സർവ്വീസ് ആറൻമുള-കോഴഞ്ചേരി-ചെറുകോൽപ്പുഴ വഴി ഓടിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും ഓപ്പേറേറ്റ് ചെയ്യുന്ന കോട്ട-ഉള്ളന്നൂർ കുളനട വഴി പന്തളം ഓർഡിനറി സർവ്വീസ് കൃത്യമായി നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ചെങ്ങന്നൂർ ഡിപ്പോയിലെ ബസ്സുകളുടെ അപര്യാപ്തത കണക്കിലെടുത്ത് അടിയന്തിരമായി രണ്ടു ബസ്സുകൾ കൂടി അനുവദിക്കുമോ?

ഉത്തരം

(എ) 18.1.2000-ന് ശേഷം പുതിയ സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ബസ്സുകളുടെ അപര്യാപ്തത പരിഹരിച്ചാൽ മാത്രമേ വരുമാനക്കുറവിന്റെ പേരിൽ ഓപ്പറേറ്റ് ചെയ്യാതിരുന്ന ഷെഡ്യൂളുകൾ ഓടിക്കാൻ കഴിയുകയുള്ളൂ.

(സി) ബസ്സുകളുടെ കുറവുകാരണം എല്ലാ സർവ്വീസുകളും ഓടിക്കാൻ കഴിയുന്നില്ല.

(ഡി) പ്രസ്തുത റൂട്ട് ലാഭകരമല്ലാത്തതിനാൽ നിർവ്വാഹമില്ല.

(ഇ) റൂട്ട് ലാഭകരമല്ലാത്തതിനാൽ നിർവ്വാഹമില്ല.

(എഫ്) ബസ്സുകളുടെ ലഭ്യതയനുസരിച്ച് കഴിയുന്നതും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ജി) ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷനുമുമ്പും അതിനുശേഷവും ഓരോ പുതിയ ബസ്സുകൾ ചെങ്ങന്നൂർ ഡിപ്പോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ പുതുക്കിപ്പണിത ഒരു ബസ്സ്കൂടി നൽകുകയുണ്ടായി. പുതിയ ബസ്സിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് മുടക്കിയതിന്റെ കാരണം

103(1927) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തുനിന്നും പുത്തൂർ വഴി തെങ്ങമത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് മുടക്കിയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) കൊട്ടാരക്കരനിന്നും ഏനാത്ത് പുത്തൂർ-കൊല്ലം സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിറുത്തിവച്ചതിനെതിരെ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly